**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്-2023-24 സാമ്പത്തിക വർഷത്തിലെ പ്രവർത്തന മൂലധന സഹായമായി 4885-60-800-96-RIAB (P) എന്ന ലംപ്‌സം ഹെഡിൽ നിന്ന് റീ-അപ്രോപ്രിയേറ്റ് ചെയ്ത 2 കോടി രൂപ സീതാറാം ടെക്സ്റ്റൈൽ ലിമിറ്റഡിന് (എസ്.ടി.എൽ) 150 ലക്ഷം രൂപയും ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡിന് 50 ലക്ഷം രൂപയും - റിലീസ് അനുമതി നൽകി ഉത്തരവാകുന്നു.

---

**വ്യവസായ(സി)വകുപ്പ്**

സ.ഉ.(സാധാ) നം.799/2023/ID തീയതി,തിരുവനന്തപുരം, 07-08-2023

---

പരാമർശം:-

1. 10.07.2023 ലെ സ.ഉ(സാധ)നം.705/2023/വ്യവ നമ്പർ സർക്കാർ ഉത്തരവ്
2. വ്യവസായ വാണിജ്യ ഡയറക്ടറുടെ 20.07.2023 ലെ ഡി.ഐ.സി/3661/2023/എഫ്ബി1 നമ്പർ കത്ത്
3. 04.082023 ലെ സ.ഉ(സാധ)നം.5771/2023/ധന നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

പരാമർശം 1 പ്രകാരം പ്രവർത്തന മൂലധനമായി 4 പൊതുമേഖലാസ്ഥാപനങ്ങൾക്ക് കൂടി 4885-60-800-96-RIAB (P) എന്ന ലംപ്‌സം ഹെഡിൽ നിന്ന് റീ -അലോക്കേഷൻ വഴി ആകെ 8 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. ഇതിൽ സീതാറാം ടെക്സ്റ്റൈൽസിന് 1.5 കോടിരൂപയും ട്രിവാൻഡ്രം സ്പിന്നിംഗ് മില്ലിന് 0.5 കോടിരൂപയും അനുവദിച്ചിരുന്നു.

2) പ്രസ്തുത തുക റീഅപ്രോപ്രിയേഷൻവഴി അനുവദിച്ച് റിലീസ് ചെയ്ത് നൽകണമെന്ന് പരാമർശം 2 പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. '4885-60-800-96-RIAB (P)' എന്ന ലംപ്‌സം ഹെഡിൽ നിന്ന് സൂചന 3 പ്രകാരം റീ-അപ്രോപ്രിയേറ്റ് ചെയ്ത 2 കോടി രൂപയിൽ സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡിന് 150 ലക്ഷം രൂപയും (നൂറ്റി അമ്പത് ലക്ഷം രൂപ മാത്രം) ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡിന് 50 ലക്ഷം രൂപയും (അമ്പത് ലക്ഷം രൂപ മാത്രം) യഥാക്രമം '6860-01-190-97- Loans to Sitaram Textiles ltd (STL)(P)', '6860-01-190-99 - Loans to Trivandrum Spinning Mills Ltd (P)' എന്നീ ശീർഷകങ്ങളിൽ നിന്നും 2023-24 വർഷത്തെ പ്രവർത്തന മൂലധന സഹായമായി , താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി റിലീസ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു:

1.16.04.2018-ലെ G.O(P)No.62/2018/Fin അനുസരിച്ച് ഫണ്ടുകൾ PSTSB അക്കൗണ്ടിലേക്ക്

ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

2. സർക്കുലർ നമ്പർ 84/2008/ഫിൻ തീയതി, 09-12-2008, സർക്കുലർ നമ്പർ 75/09/ഫിൻ തീയതി, 29/08/2009, സർക്കുലർ നമ്പർ.8/2018/ഫിൻ തീയതി, 30/01/2018, സർക്കുലർ 53/2018/Fin തീയതി 16.06.2018 എന്നിവയിൽ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

3. അനുവദിക്കപ്പെട്ട പദ്ധതിക്കായി മാത്രം ഫണ്ടുകൾ വിനിയോഗിക്കേണ്ടതും മറ്റ് ആവശ്യങ്ങൾക്കായി വക മാറ്റുവാൻ പാടില്ലാത്തതുമാണ്.

4. 11.06.2018-ലെ GO (P) No.88/2018/fin, 03.07.2018-ലെ GO(P) No.100/2018/Fin എന്നിവ പ്രകാരം നൽകിയ പ്ലാൻ ഫണ്ടുകളുടെ വിനിയോഗവും നിരീക്ഷണവും സംബന്ധിച്ച പ്രവർത്തന മാർഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. .

5. ഫണ്ടുകളുടെ പിൻവലിക്കലും വിനിയോഗവും സംബന്ധിച്ച സാമ്പത്തിക തത്വങ്ങളും നിയമങ്ങളും കൃത്യമായി പാലിക്കേണ്ടതാണ്.

6. വായ്പ 'വർക്കിംഗ് ക്യാപിറ്റൽ ലോൺ' ആയി കണക്കാക്കേണ്ടതാണ്.

7. വായ്പയുടെ കാലാവധി 5 വർഷമായിരിക്കും.

8.ലോൺ പിൻവലിച്ചതിന്റെ ഒന്നാം വാർഷികത്തിൽ വായ്പയുടെ തിരിച്ചടവ് ആരംഭിക്കേണ്ടതാണ്.

9. GO (P)No.169/2018/Fin dated 16.05.2018 പ്രകാരം പലിശ നിരക്ക് പ്രതിവർഷം 9.5% ആയിരിക്കും (വാർഷിക സംയുക്തം).വായ്പ അനുവദിക്കുന്നതും തിരിച്ചടയ്ക്കുന്നതും സംബന്ധിച്ച്, 27.04.2013-ലെ സർക്കുലർ നമ്പർ 40/2013/ഫിൻ പ്രതിപാദിച്ചിരിക്കുന്ന എല്ലാ ഔപചാരികതകളും/നടപടികളും വ്യവസായ വാണിജ്യ ഡയറക്ടർ കൃത്യമായി പാലിക്കേണ്ടതാണ്.

10. വായ്പ പലിശ സഹിതം തുല്യ ത്രൈമാസ ഗഡുക്കളായി തിരിച്ചടയ്ക്കേണ്ടതും ആയത് വ്യവസായ വാണിജ്യ ഡയറക്ടർ കൃത്യമായി നിരീക്ഷിക്കേണ്ടതുമാണ്.

11. വീഴ്ച വരുത്തിയാൽ, പ്രതിവർഷം 2.50% പിഴപ്പലിശ സാധാരണ പലിശ നിരക്കിന് പുറമെ ഈടാക്കേണ്ടതാണ്.

12. തുക സർക്കാരിൽ നിന്നുള്ള വായ്പയായി സ്ഥാപനത്തിന്റെ അക്കൗണ്ടുകളിൽ കാണിക്കേണ്ടതാണ്.

13.യഥാസമയമുള്ള മുതലിന്റെയും പലിശയുടെയും തിരിച്ചടവ് പ്രതീക്ഷയിൽ പലിശ നിരക്ക് നിശ്ചയിച്ചിരിക്കുന്നതിനാൽ , ഒരു സാഹചര്യത്തിലും നിരക്കുകളിൽ കൂടുതൽ ഇളവ് അനുവദിക്കുന്നതല്ല.

14. മുൻ റിലീസിന്റെ ചെലവഴിക്കാത്ത ബാലൻസ്, എന്തെങ്കിലും ഉണ്ടെങ്കിൽ അത് നിലവിലെ

ഫണ്ട് റിലീസിന് നേരെ ക്രമപ്പെടുത്തിയെന്ന് ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർ ഉറപ്പ് വരുത്തേണ്ടതാണ്.

15. തുടർന്ന് ഫണ്ട് അനുവദിക്കേണ്ടുന്ന പ്രൊപ്പോസലുകളിൽ, മുൻപ് അനുവദിച്ചിട്ടുള്ളതും ഇപ്പോൾ അനുവദിക്കുന്നതുമായ ഫണ്ടുകളുടെ വിനിയോഗസർട്ടിഫിക്കറ്റ്/ചെലവ് വിശദാംശങ്ങൾ 9/1/2020-ലെ ജി.ഒ(കൈ) നം.4/2020/ഫിൻ -ൽ നിഷ്കർഷിച്ചിരിക്കും പ്രകാരം നിശ്ചിത മാതൃകയിൽ സമർപ്പിക്കേണ്ടതാണ്.

16. ലോൺ മോണിറ്ററിംഗും ഫണ്ട് മാനേജ്മെന്റും സംബന്ധിച്ച് വ്യവസായ വാണിജ്യ ഡയറക്ടർ G O (P) No.157/2021/Fin തീയതി 26.11.2021 & GO (P) No.171/2021/Fin തീയതി 18.12.2021 ലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

4) പ്രസ്തുത തുകകൾ യഥാക്രമം സീതാറാം ടെക്സ്റ്റൈൽ ലിമിറ്റഡിനും ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡിനും വ്യവസായ വാണിജ്യ ഡയറക്ടർ /അഡീഷണൽ ഡയറക്ടർ മുഖേന പിൻവലിച്ച് വിതരണം ചെയ്യുന്നതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ തിരുവനന്തപുരം
കൈത്തറി & വസ്ത്ര ഡയറക്ടർ, തിരുവനന്തപുരംസെക്രട്ടറി,റിയാബ്,തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ്, പൂങ്കുന്നം, തൃശ്ശൂർ
സെക്രട്ടറി, റിയാബ്, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്,
തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),കേരളം, തിരുവനന്തപുരം അക്കൗണ്ടന്റ് ജനറൽ (എ
ധനകാര്യ വകുപ്പ്(ബഡ്ജറ്റിംഗ്/പി.യു.ഡി/ജി.എം.സി)
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (21.06.2023-ന് നടന്ന വർക്കിംഗ് ഗ്രൂപ്പിന്റെ മിനുട്സ് പ്രകാര
വ്യവസായ (ജെ) വകുപ്പ്
✓സി.ഇ.ഒ,കെ-ബിപ്, തിരുവനന്തപുരം
ഐ.& പി.ആർ.ഡി
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Divya Y V
Date: 07-08-2023 15:53:48

പകർപ്പ് : ബഹു.വ്യവസായ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്